

പഴയകാലം, ഒരു ചെറിയ ഗ്രാമം. അതിന്റെ നടുവിൽ പള്ളിയുടെ അടുത്തുള്ള ഭംഗിയുള്ള കൊച്ചുവീട്ടിൽ ഒരു ഭാര്യയും ഭർത്താവും താമസിച്ചിരുന്നു, ജോണും മേരിയും. അവരുടെ കല്യാണം കഴിഞ്ഞിട്ട് ഒരുപാട് കാലമായിരുന്നില്ല. അവരങ്ങനെ ഉല്ലാസത്തോടെ ജീവിച്ച് വരികയായിരുന്നു.

ആ കൊച്ചുവീട് അവരെ ആനന്ദിപ്പിച്ചു. വേലി മുഴുവൻ പനിനീർചെടികളാണ്. ജോണിന്റെ അപ്പൂപ്പനാണവ നട്ടുപിടിപ്പിച്ചത്. മുന്നിലുള്ള ചെറിയ ഗേറ്റ് പണിതത് അപ്പൂപ്പന്റെ അച്ഛനായിരുന്നു. പനിനീർവേലിക്കടുത്ത് കുഞ്ഞു ഗേറ്റിനരികെ നിന്ന് ജോണും മേരിയും എല്ലാ അയൽക്കാരോടും വൈകുന്നേരങ്ങളിൽ കുശലം പറയും. അയൽക്കാരെന്നു വെച്ചാൽ അവർക്ക് ജീവനായിരുന്നു. ജനിച്ച മുതലേ കാണുന്നതല്ലേ... വൈകുന്നേരമായാൽ അവർ പടിവാതിൽക്കൽ പോയി നിൽക്കും. എന്നിട്ട് വഴിയിലൂടെ പോകുന്നവരോട് കുശലങ്ങൾ ചോദിക്കും.

ഞായറാഴ്ചകളിൽ പള്ളിയിലേക്ക് വർത്തമാനം പറഞ്ഞുകൊണ്ട് അയൽക്കാർ കൂട്ടംകൂട്ടമായി പോകും. ശുഭസായാഹ്നവും സുപ്രഭാതവും നേർന്നുകൊണ്ട് മാത്രമേ വൈകുന്നേരങ്ങളും പ്രഭാതങ്ങളും അവരുടെ കൊച്ചുവീടിന് മു

▸▸ ജലാശയത്തിന്റെ ആഴം അളക്കാൻ എക്കോ സൗണ്ടർ ഉപയോഗിക്കുന്നു

# വായാടിപ്പെണ്ണിനെ കുടുക്കിയ സൂത്രം

• പുനരാഖ്യാനം: **വി.എം ഗിരിജ**

മ്പിലൂടെ പോകാറുള്ളൂ എന്നർത്ഥം.

അവിടത്തെ പ്രഭുവിന്റെ കൃഷിയിടത്തിലായിരുന്നു ജോണിന് ജോലി. ഒരു വലിയ പ്രഭുവിന്റെ ആ ജോലിസ്ഥലം ജോണിന് ഇഷ്ടമായിരുന്നു.

എല്ലാവർക്കും ജോണിനെയും മേരിയെയും ഇഷ്ടമായിരുന്നു. എന്തു നല്ല ജോഡി എന്ന് എല്ലാവരും പറയും. 'ജോൺ അപ്പയെപ്പോലെത്തന്നെ നല്ലവനും അധ്വാനിയും, അപ്പൂപ്പനും അതു പോലായിരുന്നല്ലോ. മേരിയും നല്ലവളാ, നല്ല ദയാശീല...' അവളുടെ അമ്മയും അമ്മൂമ്മയും അതു പോലായിരുന്നു. പക്ഷേ, മേരിയെപ്പറ്റി എപ്പോഴും പക്ഷേ... എന്നു കൂടി ആളുകൾ പറഞ്ഞു. കാരണം മേരി ഒരു വായാടിയായിരുന്നു. ഒന്നും അടക്കിവെക്കാൻ വയ്യാത്ത പെണ്ണ്. എപ്പോഴും ചലപിലാന്ന് ചിലച്ചു കൊണ്ടിരിക്കും. ഒരു കൊച്ചു രഹസ്യം പോലും അവളുടെ ഹൃദയത്തിലിരിക്കുകയില്ല.

അയൽപക്കക്കാരി സൂസന്റമ്മ അവളോട് ഒരു ദിവസം പറഞ്ഞു: ''കേട്ടോ മേരീ, സൂസന്റെ കല്യാണം ഏതാണ്ടുറപ്പിച്ചു. അങ്ങേലെ ഗ്രാമത്തിലെ ടോമിൻ ആണ് വരൻ. നല്ല ഒരു പയ്യൻ. പക്ഷേ നീയിതാരോടും പറയരുത്. ക്രിസ്തുമസ്സിന് മുമ്പേ ആരോടും പറയണ്ട എന്നാ ടോമിൻ പറഞ്ഞതത്രേ. പിന്നീട് അവൻ




## മാൻ ബുക്കർ പ്രൈസ്

സാഹിത്യത്തിലെ ഏറ്റവും ഉയർന്ന ബഹുമതികളിലൊന്നായ ബുക്കർ പ്രൈസ് ഏർപ്പെടുത്തിയത് 1968-ലാണ്. ഇത് ഏർപ്പെടുത്തിയത് ബുക്കർ കമ്പനിയും ബ്രിട്ടീഷ് പബ്ലിഷേഴ്സ് അസോസിയേഷനുമാണ്. 2002-ൽ മാൻ ഗ്രൂപ്പ് സ്പോൺസർഷിപ്പ് ഏറ്റെടുത്തതോടെ ഈ അവാർഡ് മാൻ ബുക്കർ പ്രൈസ് എന്നറിയപ്പെടാൻ തുടങ്ങി. ബുക്കർ പ്രൈസ് കിട്ടിയ മലയാളിയാണ് അരുന്ധതി റോയ്.

▸▸ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ അണക്കെട്ട്- ഭക്രാനംഗൽ

തന്നെ എല്ലാവരോടും പറയും. നീയാരോടും പറയല്ലേ ട്ടോ മേരീ..''

''ഞാനാരോടും പറയില്ല.. ഞാൻ പറഞ്ഞിട്ട് ഇതാരും കേൾക്കില്ല.'' മേരി കൈയടിച്ച് സത്യം ചെയ്തു. പക്ഷേ, ഒരു രഹസ്യം രഹസ്യം തന്നെയായി എത്രകാലം സൂക്ഷിക്കാനാ... അവളുടെ ഹൃദയത്തിലിരുന്ന് അത് ഞെരിപിരി കൊണ്ടു. വല്ലാത്തൊരു വേദനയും വെപ്രാളവും സുഖവും.

രണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് മേരി, ജെന്നിയെ കണ്ടത്. മേരി ജെന്നിയോട് ശബ്ദം താഴ്ത്തി പറഞ്ഞത് ടോമിൻ സൂസനെ കല്യാണം കഴിക്കാൻ പോകുന്ന കഥ തന്നെയാണ്. എല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ മേരിക്കുണ്ടായ ആശ്വാസം എന്തായിരുന്നെന്നോ! പെട്ടെന്നാണ് താൻ കൈയടിച്ച് സത്യം ചെയ്ത



▸▸ ഇന്ത്യയിലെ പ്രഥമ വനിതാ മുഖ്യമന്ത്രി– സുചേത കൃപലാനി

കഥ അവളോർത്തത്. 'ജെന്നീ.. ഇതാരോടും പറയല്ലേ.. ' എന്ന് അവളുടെ കാല് പിടിച്ചു അപ്പോൾ. പറഞ്ഞിട്ടെന്താ കാര്യം, ഇരുപത്തിനാല് മണിക്കൂറിനു മുൻപ് ടോമിന്റെയും സൂസന്റെയും കല്യാണക്കാര്യം നാടുമുഴുവൻ പാട്ടായി.

അങ്ങനെ, മേരിയും ജോണും സുഖസുന്ദരമായി ജീവിതം നയിച്ചുകൊണ്ടിരിക്കെ ഒരു സംഭവം ഉണ്ടായി. ജോൺ ഒരു ദിവസം ജോലിയും കഴിഞ്ഞ് കാട്ടിലൂടെ വരികയായിരുന്നു. ചെന്നായ്ക്കളുടെ മട അന്വേഷിച്ച് നടക്കലും മണ്ണ് കുഴിച്ചു നോക്കലും ജോണിന്റെ ഇഷ്ട വിനോദമായിരുന്നു. ഒരു മരത്തിന് കീഴെ മൺവെട്ടി കൊണ്ട് കിളച്ച് നിൽക്കുമ്പോൾ ക്ലിങ്ക്... എന്നൊരു ശബ്ദം കേട്ടു. പിന്നെയും കേട്ടു, ക്ലിങ്ക്... ക്ലിങ്ക്... എന്ന്.

ആ കിലുക്കമുണ്ടാക്കിയ വട്ടസാധനം മണ്ണ് തുടച്ചു കളഞ്ഞ് കണ്ണിനോട് ചേർത്തു നോക്കി. അതൊരു സ്വർണ്ണനാണയമായിരുന്നു! തനി തങ്കം! ആരോ കൊണ്ടുവന്ന് കുഴിച്ചിട്ട ഒരു നിധി.

"എന്റെ ദൈവമേ, എന്റെ മാലാഖേ.. എന്തൊരു ഭാഗ്യം! സ്വർണ്ണനാണയങ്ങളുടെ ഒരു കൂമ്പാരം." എനിക്ക് സ്വന്തമായി അൽപം മണ്ണ് വാങ്ങിക്കാനാകും. മേരിക്ക് കുറച്ച് ഭംഗിയുള്ള, വിലപിടിച്ച ഉടുപ്പുകൾ വാങ്ങിക്കാം." ആ സ്വർണ്ണനാണയങ്ങൾ വീണ്ടും മണ്ണിട്ടു മൂടിക്കൊണ്ട് ജോൺ വിചാരിച്ചു. പക്ഷേ ഇത് പ്രഭുവറിയാതെ രഹസ്യമാക്കി എങ്ങനെ വെക്കാം? അറിഞ്ഞാൽ ഈ നിധി പ്രഭുവിന് കൊടുക്കേണ്ടി വരും. അയാളുടെയാണല്ലോ ഈ കാട് മുഴുവനും.

അതിനെക്കാൾ പ്രശ്നം ഇതെങ്ങനെ രഹസ്യമാക്കി വെക്കുമെന്നതാണ്. മേരിയാണെങ്കിൽ ഒരു വായാടിയാണല്ലോ! ഇത്ര വലിയ രഹസ്യം അവൾക്ക് സൂക്ഷിക്കാനാവില്ല. അയ്യോ ഇനി എന്തു ചെയ്യും, മേരിയെ ഞാനെങ്ങനെ പറഞ്ഞു മനസ്സിലാക്കും? അപ്പോഴാണ് അയാൾക്ക് തന്റെ ഭാഗ്യവും നിർഭാഗ്യവും ഓർമ്മ വന്നത്. താൻ എന്തൊരു ഭാഗ്യവാനാണ്! തൊഴിലുണ്ട്, വീടുണ്ട്, മേരി എന്ന നല്ലവളായ ഭാര്യയുണ്ട്. ഇപ്പോഴീ വലിയ നിധിയും കിട്ടിയിരിക്കുന്നു. പക്ഷേ, അവൾ രഹസ്യം സൂക്ഷിച്ചു വെക്കില്ലല്ലോ...

(തുടരും)

## ചാർളി ചാപ്ലിൻ സിനിമ

വ്യാവസായികവൽക്കരണത്തിന്റെയും അമിതമായ യന്ത്രവൽക്കരണത്തിന്റെയും ദൂഷ്യ വശങ്ങൾ പരിഹാസത്തിലൂടെ അവതരിപ്പിക്കപ്പെട്ട ചാർളി ചാപ്ലിൻ സിനിമയാണ് 'മോഡേൺ ടൈംസ്.' 1915-ൽ പുറത്തിറങ്ങിയ 'ദി ട്രാംപ്' ആണ് ചാപ്ലിന്റെ ആദ്യ പൂർണ ചലച്ചിത്രം.



▸▸ ദേശീയ പുരസ്കാരം ലഭിച്ച ആദ്യ മലയാള സിനിമ- നീലക്കുയിൽ